(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് പി.എസ്.സി.-യുടെ നിർദ്ദേശം ഇതുവരെയും ലഭിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) പി. എസ്. സി. പരിഗണിക്കാത്ത സാഹചര്യത്തിൽ ബുദ്ധിമുട്ടുണ്ട്.

വനിതാ പോലീസ് റാങ്ക് ലിസ്റ്റ് കാലാവധി ദീർഘിപ്പിക്കൽ

59 [872] ശ്രീമതി പി. കെ. ശ്രീമതിടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കണമെന്ന് ഗവൺമെന്റ് കേരളാ പബ്ലിക് സർവീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിരുന്നോ;

(ബി) എങ്കിൽ ഗവൺമെന്റ് നിർദ്ദേശം അംഗീകരിച്ചുകൊണ്ട് കേരളാ പബ്ലിക് സർവീസ് കമ്മീഷൻ ഗവൺമെന്റിന് നൽകിയ കത്തിന് ഗവൺമെന്റ് പി.എസ്.സി.-ക്ക് മറുപടി നൽകിയതെന്നാണെന്നും പ്രസ്തുത മറുപടി പി.എസ്.സി. ഓഫീസിൽ ലഭിച്ചതെന്നാണെന്നും വ്യക്തമാക്കുമോ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞതിനുശേഷമാണ് പ്രസ്തുത മറുപടി ലഭ്യമായതെങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുവാൻ പബ്ലിക് സർവീസ് കമ്മീഷന് കഴിയുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഒരു പ്രത്യേക ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്ന് സർക്കാർ കെ. പി. എസ്. സി.-യോട് ശുപാർശ ചെയ്തിട്ടില്ല. എന്നാൽ പൊതുവായി 5-2-2004-നും 3-4-2004-നും ഇടയിൽ കാലാവധി അവസാനിക്കുന്ന ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കണമെന്ന് സർക്കാർ ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ കാലാവധി ദീർഘിപ്പിക്കാൻ സർക്കാർ കൈക്കൊണ്ട തീരുമാനം പി.എസ്.സി.അംഗീകരിച്ചിട്ടില്ല.

(സി) മുൻപ് 6-2-2002-ൽ കാലാവധി തീർന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 5-2-2003 വരെ നീട്ടിക്കൊണ്ട് 7-9-2002-ലും 6-2-2003-ൽ കാലാവധി തീർന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 5-8-2003 വരെ നീട്ടിക്കൊണ്ട് 1-4-2003-ലും കമ്മിഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതുനിരത്തിൽ പ്രകടനങ്ങളും പൊതുയോഗങ്ങളും നിരോധിക്കൽ

60 [875] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതി വിധികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പൊതുനിരത്തിൽ പ്രകടനങ്ങളും പൊതുയോഗങ്ങളും നിരോധിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഏത് തരത്തിലുള്ള നിയന്ത്രണങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly